പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4587** **29.06.2012-** ൽ മറുപടിക്ക്

## പ്രവാസിക്ഷേമനിധി

ചോദ്യം

ശ്രീ. സി. കൃഷ്ണൻ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്

*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)*

സർക്കാർ നടപ്പിലാക്കിയ പ്രവാസിക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങളും പ്രസ്തുത ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിദേശത്ത് ജോലി ചെയ്യുന്ന/താമസിക്കുന്നവർക്കും വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത്/താമസിച്ച ശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും കേരളത്തിനു പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് കുറഞ്ഞത് ആറ് മാസമായി താമസിച്ചുവരുന്നവർക്കും, പ്രവാസി ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായം 18 നും 55 നും മദ്ധ്യേ ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് ഒരംഗത്തിന് 200 രൂപയാണ്. ഡിമാന്റ് ഡ്രാഫ്റ്റ്/ചെലാൻ മുഖാന്തിരമാണ് രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കുന്നത്.
പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് താഴെപറയുന്ന ക്ഷേമപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ള 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ.
2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.
3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ.

4. അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

5.അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് അനുവദനീയമായ അളവിൽ ധനസഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പസഹായം.

8.മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വായ്പ.

സെക്ഷൻ ഓഫീസർ